## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ നടപടിക്രമങ്ങൾ, തിരുവനന്തപുരം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് – ജീവനക്കാര്യം – താഴ്ന്നവേതനക്കാരായ ജീവനക്കാരിൽ നിന്നും തസ്തികമാറ്റം വഴി ഓഡിറ്റർ നിയമനം – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കെ.എസ്.എ.7/എസ്റ്റാ.1/2019** **തീയതി: 13.08.2019**

---

പരാമർശം : (1) 25.03.2010 ലെ ജി.ഒ (പി) നം.197/10/ഫിൻ ഉത്തരവ്
(2) 30.07.2019 ലെ സർക്കുലർ നം.06/2019 (കെ.എസ്.എ 7/എസ്റ്റാ 1/2019)
(3) 21.03.2013 ലെ എൽ.എഫ് 16273/എസ്റ്റാ3/2011 നമ്പർ ഉത്തരവ്
(4) ശ്രീ.സുരേഷ് കുമാർ.എൻ, അറ്റൻഡറുടെ 30.07.2019 ലെ അപേക്ഷ
(5) ശ്രീ.മോഹനൻ.കെ.എ, അറ്റൻഡറുടെ 01.08.2019 ലെ അപേക്ഷ

## ഉത്തരവ്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നാല് വർഷത്തെ സേവനവും അംഗീകൃത സർവകലാശാല ബിരുദവും ഉള്ള താഴ്ന്നവേതനക്കാരായ ജീവനക്കാർക്ക് തസ്തികമാറ്റം വഴി ഓഡിറ്റർ നിയമനം ലഭിയ്ക്കുന്നതിന് പരാമർശം 1 ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പ്രകാരം അർഹതയുണ്ട്. അപ്രകാരം താഴ്ന്നവേതനക്കാരായ ജീവനക്കാരിൽ നിന്നും തസ്തികമാറ്റം വഴി ഓഡിറ്റർ നിയമനം നൽകുന്നതിലേയ്ക്കായി നിലവിലുള്ള രണ്ട് ഒഴിവുകളിലേയ്ക്ക് പരാമർശം 2 പ്രകാരം അപേക്ഷ ക്ഷണിച്ചിരുന്നു.

അപേക്ഷകരിൽ സീനിയോറിറ്റിയിൽ പരാമർശം 3 ലെ ക്രമപ്രകാരം ഏറ്റവും മുന്നിലുള്ള, തിരുവനന്തപുരം കോർപ്പറേഷൻ ഓഡിറ്റ് കാര്യാലയത്തിലെ അറ്റൻഡർ ശ്രീ.സുരേഷ് കുമാർ.എൻ, പാലക്കാട് മലബാർ ദേവസ്വം ഓഡിറ്റ് മേഖലാ കാര്യാലയത്തിലെ അറ്റൻഡർ ശ്രീ.മോഹനൻ.കെ.എ എന്നിവർക്ക് നിർദ്ദിഷ്ട യോഗ്യതകളുണ്ട്. പരാമർശം 4,5 പ്രകാരം തസ്തികമാറ്റം വഴി ഓഡിറ്ററായി നിയമനം നൽകണമെന്ന് ശ്രീ.സുരേഷ് കുമാർ.എൻ, ശ്രീ.മോഹനൻ.കെ.എ എന്നിവർ അപേക്ഷിച്ചിട്ടുമുണ്ട്. ഈ സാഹചര്യത്തിൽ ശ്രീ.സുരേഷ് കുമാർ.എൻ, ശ്രീ.മോഹനൻ.കെ.എ എന്നിവർക്ക് 27800–59400 (PR 13900–24040) രൂപ ശമ്പള സ്കെയിലിൽ ഓഡിറ്ററായി നിലവിലുള്ള ഒഴിവുകളിൽ താഴെ പറയും പ്രകാരം നിയമനം നൽകി ഉത്തരവാകുന്നു.

| ക്രമ നം. | പേര്, തസ്തിക | നിലവിൽ ജോലി ചെയ്യുന്ന കാര്യാലയം | ഓഡിറ്റർ തസ്തികയിൽ തസ്തികമാറ്റം വഴി നിയമനം നൽകി നിയമിക്കുന്ന കാര്യാലയം |
|---|---|---|---|
| 1 | ശ്രീ.സുരേഷ് കുമാർ.എൻ | കോർപ്പറേഷൻ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം | സിൽ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം |
| 2 | ശ്രീ.മോഹനൻ.കെ.എ | മലബാർ ദേവസ്വം | കേരള സംസ്ഥാന |

| | | | |
|---|---|---|---|
| | | ബോർഡ് ഓഡിറ്റ് മേഖലാ കാര്യാലയം, പാലക്കാട് | ഭവന നിർമ്മാണ ബോർഡ് ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം |

ശ്രീ.സുരേഷ് കുമാർ.എൻ, ശ്രീ.മോഹനൻ.കെ.എ എന്നിവർ ഓഡിറ്ററായി നിയമിതരായിക്കൊണ്ടുള്ള നിബന്ധനകൾ പാലിക്കാമെന്നുള്ള നിശ്ചിത മാതൃകയിലെ ജാമ്യക്കരാർ ചമച്ചെന്ന് ഉറപ്പുവരുത്തേണ്ടതാണ്. പ്രസ്തുത ജീവനക്കാർ ഓഡിറ്ററായി ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ ഓഡിറ്റർ തസ്തികയിലെ എറ്റവും ജൂനിയർ ഉദ്യോഗസ്ഥരായി പരിഗണിയ്ക്കുന്നതും പ്രസ്തുത വിവരം സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതുമാണ് . ശ്രീ.സുരേഷ് കുമാർ.എൻ, ശ്രീ.മോഹനൻ.കെ.എ എന്നിവർ ഓഡിറ്റർ തസ്തികയിൽ മൂന്ന് വർഷത്തെ തുടർച്ചയായ സേവനകാലയളവിൽ രണ്ട് വർഷം പ്രൊബേഷനിലായിരിക്കും.

(ഒപ്പ്)
**ഡയറക്ടർ**

ശ്രീ.സുരേഷ് കുമാർ.എൻ, അറ്റൻഡർ
ശ്രീ.മോഹനൻ.കെ.എ, അറ്റൻഡർ

**പകർപ്പ്**

1. ജോയിന്റ് ഡയറക്ടർമാർ/സീനിയർ ഡെപ്യൂട്ടി ഡയറക്ടർ/ഡെപ്യൂട്ടി ഡയറക്ടർമാർ, ഡയറക്ടറേറ്റ്
2. സീനിയർ ഡെപ്യൂട്ടി ഡയറക്ടർ, കോർപ്പറേഷൻ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
3. സീനിയർ ഡെപ്യൂട്ടി ഡയറക്ടർ, കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം (ശ്രീ.മോഹനൻ.കെ.എ ജോലിയിൽ പ്രവേശിക്കുമ്പോൾ യോഗ്യത തെളിയിക്കുന്ന അസ്സൽ പ്രമാണങ്ങൾ പരിശോധിച്ച് ഉറപ്പുവരുത്തി വിവരങ്ങൾ സേവനപുസ്തകത്തിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്)
4. ഡെപ്യൂട്ടി ഡയറക്ടർ, സിൽ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം (ശ്രീ.സുരേഷ് കുമാർ.എൻ ജോലിയിൽ പ്രവേശിക്കുമ്പോൾ യോഗ്യത തെളിയിക്കുന്ന അസ്സൽ പ്രമാണങ്ങൾ പരിശോധിച്ച് ഉറപ്പുവരുത്തി വിവരങ്ങൾ സേവനപുസ്തകത്തിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്)
5. ഡെപ്യൂട്ടി ഡയറക്ടർ, മലബാർ ദേവസ്വം ബോർഡ് ഓഡിറ്റ് കാര്യാലയം, പാലക്കാട്
6. എസ്റ്റാ 2,3,4 സെക്ഷനുകൾ
7. സ്റ്റോക്ക്